ത്തർക്കും വീതിച്ചുകൊടുത്തിട്ടുള്ള അസസ്മെന്റ് തീർപ്പാക്കിയതിന്റെ പുരോഗതി വിലയിരുത്തുകയും തീർപ്പാക്കാത്ത അസസ്മെന്റുകൾ ഉടൻതന്നെ പൂർണ്ണമായി തീർപ്പാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യാറുണ്ട്.

(ഇ) 1997-98-ൽ വില്പനനികുതിയുടെ 1,32,285 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കാർഷികാദായ നികുതിയുടെ 15.934 കേസ്സുകളും തീർപ്പാക്കിയിട്ടുണ്ട്. 1998-99 വർഷത്തെ വിവരം ശേഖരിച്ചു വരുന്നു.

15 (1464) വിൽപ്പന നികുതി വെട്ടിപ്പ്

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി ഉദ്യോഗസ്ഥർ നടത്തുന്ന കട പരിശോധന വ്യാപാരികൾ തടസ്സപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പരിശോധന നടത്തിയ കടകളിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 50,000 രൂപയ്ക്കുമേൽ നികുതിവെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ട്;

(ഇ) വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ ആഹ്വാനപ്രകാരം 1996 മുതൽ സംസ്ഥാന വ്യാപകമായി എത്ര തവണ കടയടപ്പ് സമരം നടന്നിട്ടുണ്ട്?

ഉത്തരം

(എ) കട പരിശോധന തടസ്സപ്പെടുത്താൻ ശ്രമിച്ച ഏതാനും സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് 20.5.96 മുതൽ 31.3.99 വരെ 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1998-99 വർഷകാലയളവിൽ 50,000 രൂപയ്ക്കുമേൽ 46 കേസ്സുകളിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(ഇ) മൂന്നുതവണ കടയടപ്പ് സമരം നടന്നിട്ടുണ്ട്.

16 (1465) നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ആനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും വിൽപ്പനനികുതിയിനത്തിൽ വരുത്തിയിരിക്കുന്ന കുടിശ്ശിക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖല/സ്വകാര്യസ്ഥാപനങ്ങളിലും വ്യക്തികളും വിൽപ്പന നികുതിയിനത്തിൽ എന്തുതുകയുടെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളത്;

ഉത്തരം

(എ) കൃത്യമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) 31.3.1997 വരെയുള്ള കുടിശ്ശിക, മുതലും പലിശയുടെ 40% വും ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കും. പരമാവധി പലിശ അടച്ചുതീർക്കാനുള്ള മുതലിന് തുല്യമായി നിജപ്പെടുത്തുന്നതായിരിക്കും. അതുപ്രകാരം അംഗീകരിച്ച് പണം അടക്കുന്ന നികുതിദായകർക്ക്, അടച്ച നികുതിയോ മറ്റിനങ്ങളോ പിന്നീട് അപ്പീലോ, റിവിഷനിലോ കുറവ് ചെയ്യപ്പെട്ടുകിട്ടുകയാണെങ്കിൽ കുറവുവരുന്ന തുക പലിശ സഹിതം തിരിച്ച് നൽകുന്നതായിരിക്കും ഈ പദ്ധതിയുടെ കാലാവധി. 30.9.99 വരെ ആയിരിക്കും.

ഇത് കൂടാതെ വില്പന നികുതി കുടിശ്ശികയ്ക്ക് പ്രൈവറ്റ് കമ്പനികളുടെ ഡയറക്ടർമാർക്ക് ബാദ്ധ്യത നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ വില്പന നികുതി നിയമത്തിൽ ഉൾപ്പെടുന്നതാണ്. അതോടൊപ്പം പിരിച്ചെടുത്ത വില്പന നികുതി യഥാർത്ഥസമയം സർക്കാരിലേക്ക് അടയ്ക്കാത്ത സ്ഥാപനങ്ങളിലെ മാനേജർമാർ/ഡയറക്ടർമാർ പാർട്ണർമാർ തുടങ്ങിയവർക്ക് അപ്രകാരം പിരിച്ച് കൈവശം വച്ചിട്ടുള്ള വില്പന നികുതി വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്ന വ്യവസ്ഥ വില്പന നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) കൃത്യമായ വിവരം ശേഖരിച്ച് നൽകുന്നതാണ്.

17 (1466) ദേശീയ സമ്പാദ്യവകുപ്പ്

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭവസമാഹരണത്തിനായി ദേശീയ സമ്പാദ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്, വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ദേശീയ സമ്പാദ്യ പദ്ധതി വ്യാപകമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) ദേശീയ സമ്പാദ്യപദ്ധതി പ്രകാരം സമാഹരിക്കുന്ന ധനം പൊതുജനങ്ങൾക്ക് വായ്പയായി വിതരണം നടത്താറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(ഇ) ദേശസാൽകൃത ബാങ്കുകൾ വായ്പ നൽകുന്നതിന് കാണിക്കുന്ന അലംഭാവം കണക്കിലെടുത്ത് ദേശീയ സമ്പാദ്യ പദ്ധതി അനുസരിച്ച് സ്വീകരിക്കുന്ന നിക്ഷേപങ്ങൾ കൂടുതൽ ആകർഷകമാക്കുകയും വായ്പ അനുവദിക്കുകയും ചെയ്യുന്നതോടൊപ്പം വകുപ്പിനെ കൂടുതൽ വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly